# പാദവാർഷിക ആത്യന്തികവിലയിരുത്തൽ 2025 - 26

## ക്ലാസ്സ് 10 മാതൃകാചോദ്യപേപ്പർ ഗണിതം

| Qn no | Key | Score |
|---|---|---|
| | SECTION A | |
| 1 | (ii) 81 | 1 |
| 2 | c. രണ്ടും ശരിയാണ് , A യുടെ കാരണമാണ് B . | 1 |
| 3 (A) | ഈ ശ്രേണിയിൽ സ്ഥാനങ്ങൾ 3 വീതം കൂടുമ്പോൾ പദങ്ങൾ 20 വീതം കുറയുന്നു.<br>(i) പത്താംപദം = 60 – 20 = 40 OR പത്താംപദം = 80 – 40 = 40<br>(ii) ആദ്യപദം = 80 + 20 = 100 OR ആദ്യപദം = 60 + 40 = 100 | 1<br>1<br>1 |
| 3 (B) | (i) ഈ ശ്രേണിയിലെ ഏതെങ്കിലും രണ്ടു പദങ്ങൾ തമ്മിലുള്ള വ്യത്യാസം 56 ആകും .<br>( ഈ ശ്രേണിയിൽ, പദമാറ്റം = 7 x സ്ഥാനമാറ്റം , 56 = 7 x 8 )<br>(ii) 302 ഈ ശ്രേണിയിലെ പദമാകും . ( 302 – 8 = 294 = 7 x 42 )<br>ഈ ശ്രേണിയിലെ 43-ാം പദമാണ് 302 . ( സ്ഥാനമാറ്റം = 42 ) | 1<br><br>1<br>1 |
| 4 | (i) മൂന്നാംപദം = $\frac{40}{5} = 8$<br>(ii) 7-ാം പദം = $\frac{260}{13} = 20$<br>(ii) പൊതുവ്യത്യാസം = 3 ( ഈ ശ്രേണിയിൽ സ്ഥാനങ്ങൾ 4 വീതം കൂടുമ്പോൾ പദങ്ങൾ 12 വീതം കൂടുന്നു. )<br>ആദ്യപദം = 8 – 2 x 3 = 2 OR ആദ്യപദം = 20 – 6 x 3 = 2<br>ആദ്യത്തെ 3 പദങ്ങൾ = 2 , 5 , 8 | 1<br>1<br>1<br><br>1 |
| 5 | (i) 4-ാം പദം + 5-ാം പദം = $\frac{240}{4} = 60$<br>(ii) 6-ാം പദം =60 – 15 = 45 ( 3-ാം പദം + 6-ാം പദം =60)<br>(ii) 30 , 30 , 30 , 30 , 30 , 30 , 30 , 30<br>23 , 25 , 27 , 29 , 31 , 33 , 35 , 37<br>16 , 20 , 24 , 28 , 32 , 36 , 40 , 44<br>( സ്ഥാനങ്ങളുടെ തുക 9 ആകുന്ന ഏതു രണ്ടു പദങ്ങളുടെയും തുക 60 ആകുന്ന വിധത്തിൽ ഏതു സമാന്തരശ്രേണിയും എഴുതാം ) | 1<br>1<br>1<br>1<br>1 |
| | SECTION B | |
| 6 | (ii) 5 കുറയ്ക്കണം | 1 |
| 7 | (ii) 3 ( $x^2 - 6x + 9 = 0 \implies (x-3)^2 = 0$ ) | 1 |
| 8 | $x_n = 6n-3 = 3(2n-1)$ [ $x_n = dn + f - d$ ]<br>$x_n^2 = [3(2n-1)]^2 = 9 \times (2n-1)^2$ | 1<br>1 |

WANDOOR GANITHAM

| | | |
|---|---|---|
| | ബീജഗണിതരൂപം $2n-1$ രൂപത്തിലുള്ള സംഖ്യകൾ ഒറ്റസംഖ്യകളാണ്. ഏതു ഒറ്റസംഖ്യയുടെയും വർഗം ഒറ്റ സംഖ്യ തന്നെയാണ് . അതിനാൽ ഈ സമാന്തരശ്രേണിയിലെ ഏതു പദത്തിന്റെയും വർഗം 9 നെ ഒരു ഒറ്റസംഖ്യ കൊണ്ട് ഗുണിച്ചതാണ് .<br><br>**മറ്റൊരു രീതി**<br>$x_n = 6n-3$<br>$x_n^2 = (6n-3)^2 = 36n^2 - 36n + 9 = 9(4n^2 - 4n + 1)$<br>4 ന്റെ ഗുണിതങ്ങൾ ഇരട്ടസംഖ്യകളാണ് . 4 ന്റെ ഗുണിതങ്ങളോട് 1 കൂട്ടി കിട്ടുന്ന സംഖ്യ ഒറ്റസംഖ്യകളാണ് . അതിനാൽ ഈ സമാന്തരശ്രേണിയിലെ ഏതു പദത്തിന്റെയും വർഗം 9 നെ ഒരു ഒറ്റസംഖ്യ കൊണ്ട് ഗുണിച്ചതാണ്.<br><br>**മറ്റൊരു രീതി**<br>ഒറ്റസംഖ്യകളെ 3 കൊണ്ട് ഗുണിച്ച് കിട്ടുന്ന സംഖ്യകളാണ് ഈ ശ്രേണിയിലെ പദങ്ങൾ . അതിനാൽ ഈ ശ്രേണിയിലെ ഏതു പദത്തിന്റെയും വർഗം 9 നെ ഒരു ഒറ്റസംഖ്യയുടെ വർഗം കൊണ്ട് ഗുണിച്ചതാണ് . ഏതു ഒറ്റസംഖ്യയുടെയും വർഗം ഒറ്റസംഖ്യ തന്നെയായതിൽ ഈ സമാന്തരശ്രേണിയിലെ ഏതു പദത്തിന്റെയും വർഗം 9 നെ ഒരു ഒറ്റസംഖ്യ കൊണ്ട് ഗുണിച്ചതാണ് . | 1 |
| 9 | (i) സംഖ്യകൾ രണ്ടും 3 ആയാൽ , അവയുടെ തുക 6 ഉം ഗുണനഫലം 9 ഉം ആകും. ഇത് സാധ്യമല്ല.( സംഖ്യകളുടെ ഗുണനഫലം 7 ആണ് ) . അതിനാൽ സംഖ്യകളുടെ തുക 6 ആയതിനാൽ ഒരു സംഖ്യ 3 നേക്കാൾ എത്ര കൂടുന്നുവോ , മറ്റേ സംഖ്യ 3 ൽ നിന്ന് അത്ര തന്നെ കുറയണം.<br>(ii) സംഖ്യകൾ $3 + x$ എന്നും $3 - x$ എന്നും എടുത്താൽ<br>$(3+x)(3-x) = 7$<br>$9 - x^2 = 7$<br>$x^2 = 2$<br>$x = \sqrt{2}$<br>∴ സംഖ്യകൾ $= 3 + \sqrt{2}$ , $3 - \sqrt{2}$ | 1<br><br>1<br><br>1<br>1 |
| 10 | (i) 26 – 23 = 3<br>(ii) ഈ ശ്രേണികളിലെ ഒരേ സ്ഥാനത്തുള്ള പദങ്ങളുടെ വ്യത്യാസം 3 ആണ്.<br>അതിനാൽ ഒന്നാമത്തെ ശ്രേണിയിലെ ആദ്യത്തെ 25 പദങ്ങളുടെ തുകയേക്കാൾ 25 x 3 = 75 കൂടുതലാണ് രണ്ടാമത്തെ ശ്രേണിയിലെ ആദ്യത്തെ 25 പദങ്ങളുടെ | 1<br>1<br><br>2 |
| 11 | (i) ആദ്യപദം = 5<br>രണ്ടാംപദം = 16 – 5 = 11 [ $x_1 + x_2 = 16$ ]<br>(ii) പൊതുവ്യത്യാസം = 11 – 5 = 6<br>$x_n = 6n + 5 - 6 = 6n - 1$ [ $x_n = dn + f - d$ ] | 1<br>1<br>1<br>1 |

WANDOOR GANITHAM

| | | |
|---|---|---|
| 12(A) | വശങ്ങളുടെ നീളങ്ങൾ $x$ സെന്റിമീറ്റർ എന്നും $x + 14$ സെന്റിമീറ്റർ എന്നും എടുത്താൽ<br>$x^2 + (x + 14)^2 = 26^2$<br>$2x^2 + 28x + 196 = 676$<br>$2x^2 + 28x = 480$<br>$x^2 + 14x = 240$<br>$x^2 + 14x + 7^2 = 240 + 7^2$<br>$(x + 7)^2 = 289$<br>$x + 7 = \sqrt{289} = 17$<br>$x = 10$<br>വശങ്ങളുടെ നീളങ്ങൾ = 10 സെന്റിമീറ്റർ , 24 സെന്റിമീറ്റർ | 1<br>1<br>1<br>1 |
| 12(B) | മട്ടത്രികോണത്തിന്റെ ലംബവശങ്ങളുടെ നീളങ്ങൾ $x$ സെന്റിമീറ്റർ എന്നും $x + 7$ സെന്റിമീറ്റർ എന്നും എടുത്താൽ<br>$\frac{1}{2} \times x(x + 7) = 60$<br>$x(x + 7) = 120$<br>$x^2 + 7x = 120$<br>$x^2 + 7x + \left(\frac{7}{2}\right)^2 = 120 + \left(\frac{7}{2}\right)^2$<br>$\left(x + \frac{7}{2}\right)^2 = \frac{529}{4}$<br>$x + \frac{7}{2} = \sqrt{\frac{529}{4}} = \frac{23}{2}$<br>$x = 8$<br>മട്ടത്രികോണത്തിന്റെ ലംബവശങ്ങളുടെ നീളങ്ങൾ = 8 സെന്റിമീറ്റർ , 15 സെന്റിമീറ്റർ | |
| 13(A) | (i) അതെ . 6 കൊണ്ട് ഹരിച്ചാൽ ശിഷ്ടം ഒറ്റസംഖ്യയായ എണ്ണൽസംഖ്യകളുടെ ശ്രേണി ഒറ്റസംഖ്യകളുടെ ശ്രേണിയാണ് . ഇതൊരു സമാന്തരശ്രേണിയാണ് .<br>[ 6 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 1 കിട്ടുന്ന സംഖ്യകൾ : 1 , 7 , 13 , 19 , . . .<br>6 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 3 കിട്ടുന്ന സംഖ്യകൾ : 3 , 9 , 15 , 21 , . . .<br>6 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 5 കിട്ടുന്ന സംഖ്യകൾ : 5 , 11 , 17 , 23 , . . .<br>∴ 6 കൊണ്ട് ഹരിച്ചാൽ ശിഷ്ടം ഒറ്റസംഖ്യയായ എണ്ണൽസംഖ്യകൾ = 1 , 3 , 5, 7, 9, 11 . . . ]<br>(ii) $x_n = 2n + 1 - 2 = 2n - 1$ [ $x_n = dn + f - d$ ]<br>ആദ്യത്തെ n പദങ്ങളുടെ തുക $= 2 \times \frac{n(n+1)}{2} - n = n^2$ | 2<br>1<br>2 |
| 13(B) | (i) $x_n = 3n + 4 - 3 = 3n + 1$ [ $x_n = dn + f - d$ ]<br>ആദ്യത്തെ 10 പദങ്ങളുടെ തുക $= (3 \times \frac{10 \times 11}{2}) + 10 = 175$<br>(ii) $175 + 30 = 205$<br>( ഈ ശ്രേണിയിലെ ആദ്യത്തെ 10 പദങ്ങൾ ഓരോന്നും തൊട്ടടുത്ത പദമായി മാറ്റിയാൽ | 1<br>1<br>1 |

WANDOOR GANITHAM

2-ാം പദം മുതൽ 11-ാം പദം വരെയുള്ള പദങ്ങളുടെ തുക കിട്ടും . അതായത് ഓരോ പദവും 3 വീതം കൂടുന്നു. അതിനാൽ ആദ്യത്തെ തുകയോട് 30 കൂടുന്നു )

(iii) ഈ ശ്രേണിയിലെ അടുത്തടുത്ത ഏതു രണ്ടു പദങ്ങൾ എടുത്താലും ഒന്ന് ഇരട്ടസംഖ്യയും മറ്റേത് ഒറ്റസംഖ്യയുമായിരിക്കും . അതിനാൽ ഈ ശ്രേണിയിലെ തുടർച്ചയായ ഏതെങ്കിലും 10 പദങ്ങൾ എടുത്താൽ 5 എണ്ണം ഇരട്ടസംഖ്യയും 5 എണ്ണം ഒറ്റസംഖ്യയുമായിരിക്കും . 5 എണ്ണം ഒറ്റസംഖ്യകളുടെ തുക ഒറ്റയും 5 എണ്ണം ഇരട്ടസംഖ്യകളുടെ തുക ഇരട്ടയുമായതിനാൽ ഈ 10 പദങ്ങളുടെ തുക എല്ലായ്.പ്പോഴുംഒരു ഒറ്റസംഖ്യയായിരിക്കും. അതിനാൽ ഈ ശ്രേണിയിലെ തുടർച്ചയായ ഏതെങ്കിലും 10 പദങ്ങളുടെ തുക 500 ആകില്ല. 2

<u>മറ്റൊരു രീതി</u>

(i) $x_{10} = 4 + (9 \times 3) = 31$

ആദ്യത്തെ 10 പദങ്ങളുടെ തുക $= \frac{10}{2} \times (4 + 31) = 175$

(ii) 2-ാം പദം മുതൽ 11-ാം പദം

വരെയുള്ള പദങ്ങളുടെ തുക = ആദ്യത്തെ 10 പദങ്ങളുടെ തുക $+ x_{11} - x_1$

$= 175 + (10 \times 3) = 205$

(iii) ഈ ശ്രേണിയിലെ പദങ്ങൾ എണ്ണൽസംഖ്യകളെ 3 കൊണ്ട് ഗുണിച്ച് 1 കൂട്ടി കിട്ടുന്നതാണ്. അതിനാൽ ഈ ശ്രേണിയിലെ തുടർച്ചയായ ഏതു 10 പദങ്ങളുടെ തുകയും 3 ന്റെ ഗുണിതത്തോട് 10 കൂട്ടി കിട്ടുന്ന സംഖ്യയായിരിക്കും . 3 ന്റെ ഗുണിതത്തോട് 10 കൂട്ടിയാൽ 500 കിട്ടില്ല . ( 3 ന്റെ ഗുണിതമല്ല 490 ) .അതിനാൽ ഈ ശ്രേണിയിലെ തുടർച്ചയായ ഏതെങ്കിലും 10 പദങ്ങളുടെ തുക 500 ആകില്ല.

OR

ഈ ശ്രേണിയിലെ പദങ്ങൾ എണ്ണൽസംഖ്യകളെ 3 കൊണ്ട് ഗുണിച്ച് 1 കൂട്ടി കിട്ടുന്നതാണ്. അതിനാൽ ഈ ശ്രേണിയിലെ തുടർച്ചയായ ഏതു 10 പദങ്ങളുടെ തുകയും 3 ന്റെ ഗുണിതത്തോട് 10 കൂട്ടി കിട്ടുന്ന സംഖ്യയായിരിക്കും .അതായത് തുടർച്ചയായ ഏതു 10 പദങ്ങളുടെ തുകയെയും 3 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 1 കിട്ടുന്നു . എന്നാൽ 500 നെ 3 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 2 കിട്ടുന്നു . അതിനാൽ ഈ ശ്രേണിയിലെ തുടർച്ചയായ ഏതെങ്കിലും 10 പദങ്ങളുടെ തുക 500 ആകില്ല.

OR

ഈ ശ്രേണിയിലെ അടുത്തടുത്ത ഏതു രണ്ടു പദങ്ങൾ എടുത്താലും ഒന്ന് ഇരട്ടസംഖ്യയും മറ്റേത് ഒറ്റസംഖ്യയുമായിരിക്കും . അതിനാൽ ഈ ശ്രേണിയിലെ തുടർച്ചയായ ഏതെങ്കിലും 10 പദങ്ങൾ എടുത്താലും 5-ാം പദത്തിന്റെയും 6-ാം പദത്തിന്റെയും തുക ഒരു ഒറ്റസംഖ്യയായിരിക്കും. എന്നാൽ തുടർച്ചയായ 10 പദങ്ങളുടെ തുക 500 ആകണം എങ്കിൽ 5-ാം പദത്തിന്റെയും 6-ാം പദത്തിന്റെയും തുക 100 ആകണം.[ 5 പദജോടികളുടെയും തുക $\frac{500}{5} = 100$ ] ഇത് സാധ്യമല്ല. അതിനാൽ ഈ ശ്രേണിയിലെ തുടർച്ചയായ ഏതെങ്കിലും 10 പദങ്ങളുടെ തുക 500 ആകില്ല.

WANDOOR GANITHAM

| | | |
|---|---|---|
| 14 | (i) $x_n = 4n + 6 - 4 = 4n + 2$ [ $x_n = dn + f - d$ ]<br>ആദ്യത്തെ n പദങ്ങളുടെ തുക $= 4 \times \frac{n(n+1)}{2} + 2n = 2n^2 + 4n$<br>(ii) $2n^2 + 4n = 880$<br>$n^2 + 2n = 440$<br>$n^2 + 2n + 1^2 = 440 + 1^2$<br>$(n+1)^2 = 441$<br>$n + 1 = \sqrt{441} = 21$<br>$n = 20$ | 1<br>1<br><br><br>1<br>1<br><br>1 |
| SECTION C | | |
| 15 | (i) $\frac{1}{3}$ [ $\frac{2}{6}$ ] | 1 |
| 16 | (iv) $p = q$ [ $p = q = \frac{60}{360} = \frac{1}{6}$ ] | 1 |
| 17 | (i) കുത്ത് ത്രികോണത്തിന് അകത്താകാനുള്ള സാധ്യത $= \frac{\text{ത്രികോണത്തിന്റെ പരപ്പളവ്}}{\text{വൃത്തത്തിന്റെ പരപ്പളവ്}}$<br>$= \frac{\frac{1}{2} \times 2 \times 2}{\pi \times 2^2} = \frac{1}{2\pi}$<br>(ii) വൃത്തഖണ്ഡത്തിന്റെ പരപ്പളവ് = വൃത്താംശത്തിന്റെ പരപ്പളവ് − ത്രികോണത്തിന്റെ പരപ്പളവ്<br>$= \frac{1}{4} \times 4\pi - \frac{1}{2} \times 2 \times 2 = \pi - 2$<br>കുത്ത് കറുപ്പിച്ചിരിക്കുന്ന വൃത്തഖണ്ഡത്തിലാകാനുള്ള സാധ്യത<br>$= \frac{\text{വൃത്തഖണ്ഡത്തിന്റെ പരപ്പളവ്}}{\text{വൃത്തത്തിന്റെ പരപ്പളവ്}}$<br>$= \frac{\pi - 2}{4\pi}$ | <br>1<br><br>1<br><br><br>1 |
| 18 | 4 കൊണ്ട് ഹരിച്ചാൽ 3 മിച്ചം വരുന്ന ഏറ്റവും ചെറിയ മൂന്നക്ക സംഖ്യ = 103<br>4 കൊണ്ട് ഹരിച്ചാൽ 3 മിച്ചം വരുന്ന ഏറ്റവും വലിയ മൂന്നക്ക സംഖ്യ = 999<br>$999 - 103 = 896 = 4 \times 224$<br>∴ 4 കൊണ്ട് ഹരിച്ചാൽ 3 മിച്ചം വരുന്ന മൂന്നക്ക സംഖ്യകളുടെ എണ്ണം = 225<br>[ ഈ സമാന്തരശ്രേണിയിൽ , പദമാറ്റം = 4 x സ്ഥാനമാറ്റം ]<br>മൂന്നക്കസംഖ്യകളുടെ ആകെ എണ്ണം = 900<br>∴ സാധ്യത $= \frac{225}{900}$ | 1<br><br>1<br><br>1<br><br>1 |
| 19(A) | ആകെ ജോടികളുടെ എണ്ണം $= 6 \times 6 = 36$<br>(i) ആവശ്യമായ ജോടികളുടെ എണ്ണം $= 3 \times 3 = 9$ | 1<br>1 |

WANDOOR GANITHAM

| | | |
|---|---|---|
| | ∴ സാധ്യത $= \frac{9}{36}$<br>(ii) ആവശ്യമായ ജോടികളുടെ എണ്ണം $= (3 \times 3) + (3 \times 3) = 9 + 9 = 18$<br>∴ സാധ്യത $= \frac{18}{36}$<br>(iii) ആവശ്യമായ ജോടികളുടെ എണ്ണം $= 3 \times 3 = 9$<br>∴ സാധ്യത $= \frac{9}{36}$ | 2<br>1 |
| 19(B) | ആകെ ജോടികളുടെ എണ്ണം $= 35 \times 35 = 1225$<br>(i) ആവശ്യമായ ജോടികളുടെ എണ്ണം $= 15 \times 20 = 300$<br>∴ രണ്ടും പെൺകുട്ടികളാകാനുള്ള സാധ്യത $= \frac{15 \times 20}{35 \times 35} = \frac{300}{1225}$<br>(ii)ആവശ്യമായ ജോടികളുടെ എണ്ണം $= (20 \times 20) + (15 \times 15) = 400 + 225 = 625$<br>ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയുംആകാനുള്ള സാധ്യത $= \frac{625}{35 \times 35} = \frac{625}{1225}$<br>(iii) രണ്ടും ആൺകുട്ടികളാകാനുള്ള സാധ്യത $= \frac{20 \times 15}{35 \times 35} = \frac{300}{1225}$<br>ഒരാളെങ്കിലും ആൺകുട്ടിയാകാനുള്ള സാധ്യത = $= \frac{300}{1225} + \frac{625}{1225} = \frac{925}{1225}$<br>മറ്റൊരു രീതി<br>(iii) ഒരാളെങ്കിലും ആൺകുട്ടിയാകാനുള്ള സാധ്യത $= 1 -$ രണ്ടും പെൺകുട്ടികളാകാനുള്ള സാധ്യത<br>$= 1 - \frac{300}{1225} = \frac{925}{1225}$ | 1<br>1<br>2<br>1 |
| **SECTION D** | | |
| 20 | a. വൃത്തത്തിന്റെ പുറത്തായിരിക്കും. [ $\angle Q + \angle S = 165^0$ ] | 1 |
| 21 | (iii) രണ്ടും ശരിയാണ് , A യുടെ കാരണമാണ് B . | 1 |
| 22 | ചാപത്തിന്റെ കേന്ദ്രകോൺ $= 2 \times 18^0 = 36^0$<br>ഈ ചാപം വൃത്തത്തിന്റെ $\frac{1}{10}$ ഭാഗമാണ് . $\left[\frac{36}{360} = \frac{1}{10}\right]$<br>അതായത് ഈ ചാപത്തിന്റെ നീളം വൃത്തത്തിന്റെ ചുറ്റളവിന്റെ $\frac{1}{10}$ ഭാഗമാണ് .<br>∴ ചാപത്തിന്റെ നീളം $= \frac{1}{10} \times 2\pi \times 10 = 2\pi$ സെ.മീ. | 1<br>1<br>1 |

WANDOOR GANITHAM

| | | |
|---|---|---|
| 23(A) | ചിത്രത്തിൽ ABCD ഒരുസമപഞ്ചഭുജമാണ് .<br>[ AB = BC = CD = DE = EA ,<br>$\angle A = \angle B = \angle C = \angle D = \angle E = \frac{540}{5} = 108^0$ ]<br>വികർണം BE വരയ്ക്കുക .<br>ABE ഒരു സമപാർശ്വത്രികോണമാണ് .<br>$\therefore \quad \angle AEB = \angle ABE = \frac{180^0 - 108^0}{2} = 36^0$<br>ചക്രിയചതുർഭുജം AFBE യിൽ<br>$\angle F = 180^0 - \angle AEB = 180^0 - 36^0 = 144^0$<br><br> | 1<br>1<br>2 |
| 23(B) | AD യോജിപ്പിക്കുക.<br>ചാപം APC യുടെ കേന്ദ്രകോൺ $= 2 \times \angle D$<br>[ഒരു ചാപത്തിന്റെ അറ്റങ്ങൾ മറുചാപത്തിലെ ഒരു ബിന്ദുവുമായി യോജിപ്പിച്ചുണ്ടാക്കുന്ന കോണിന്റെ ഇരട്ടിയാണ് , ആ ചാപത്തിന്റെ കേന്ദ്രകോൺ ]<br>ചാപം BQD യുടെ കേന്ദ്രകോൺ $= 2 \times \angle A$<br>AD കർണമായ മട്ടത്രികോണത്തിൽ ,<br>$\angle A + \angle D = 90^0$<br>ചാപം APC യുടെ കേന്ദ്രകോൺ + ചാപം BQD യുടെ കേന്ദ്രകോൺ<br>$= (2 \times \angle D) + (2 \times \angle A)$<br>$= 2(\angle D + \angle A)$<br>$= 2 \times 90^0 = 180^0$<br>APC , BQD എന്നീ ചാപങ്ങളുടെ കേന്ദ്രകോണുകളുടെ തുക $180^0$ ആയതിനാൽ , ഇവ ചേർത്തു വച്ചാൽ വൃത്തത്തിന്റെ പകുതിയാകും .<br><br> | 1<br>1<br>1<br>1 |
| 24(A) | ചിത്രത്തിൽ CD വൃത്തത്തിന്റെ വ്യാസമാണ് .<br>ഈ വ്യാസത്തിന് സമാന്തരമാണ് AB എന്ന ഞാൺ.<br>$\therefore \quad \angle BDC = \angle ABD = 35^0$ (മറുകോണുകൾ തുല്യം )<br>BC യോജിപ്പിക്കുക.<br>$\angle CBD = 90^0$ ( അർധവൃത്തത്തിലെ കോൺ )<br>ത്രികോണം BCD യിൽ ,<br>$\angle C = 180^0 - (90^0 + 35^0) = 55^0$<br>ചക്രിയചതുർഭുജം ABCD യിൽ ,<br>$\angle A = 180^0 - 55^0 = 125^0$<br>ത്രികോണം ABD യിൽ ,<br>$\angle ADB = 180^0 - (125^0 + 35^0) = 20^0$<br><br> | 1<br>1<br>1<br>1 |

WANDOOR GANITHAM

| | | |
|---|---|---|
| 24(B) | ചിത്രത്തിൽ O വൃത്തത്തിന്റെ കേന്ദ്രമാണ് .<br>OC യോജിപ്പിക്കുക.<br>$\angle OAC = \angle OCA = x^0$ [ OA = OC ]<br>AC എന്ന ചെറിയ ചാപത്തിന്റെ കേന്ദ്രകോൺ $= 2y^0$<br>[ ഒരു ചാപത്തിന്റെ അറ്റങ്ങൾ മറുചാപത്തിലെ ഒരു ബിന്ദു വുമായി യോജിപ്പിച്ചുണ്ടാക്കുന്ന കോണിന്റെ ഇരട്ടിയാണ് , ആ ചാപത്തിന്റെ കേന്ദ്രകോൺ ]<br><br><br>ത്രികോണം AOC യിൽ ,<br>$x + x + 2y = 180^0$ [ ത്രികോണത്തിലെ കോണുകളുടെ തുക ]<br>$2x + 2y = 180^0$<br>$x + y = \frac{180^0}{2} = 90^0$ | 1<br>1<br>1<br>1 |
| 25 | $\angle BDC = \angle BAC = 35^0$<br>[ ഒരു ചാപത്തിന്റെ അറ്റങ്ങൾ മറുചാപത്തിലെ ഏതു ബിന്ദുവുമായി യോജിപ്പിച്ചുണ്ടാക്കുന്ന കോണുകൾ തുല്യമാണ് ]<br><br><br>$\angle ACD = \angle ABD = 30^0$<br>$\angle CBD = \angle CAD = 45^0$<br>$\angle ABC = 45 + 30 = 75^0$ ആയതിനാൽ<br>$\angle ADC = 180 - 75 = 105^0$ [ ABCD ചക്രീയം ]<br>$\therefore \quad \angle ADB = 105 - 50 = 55^0$<br>$\angle ADB = \angle ACB = 55^0$<br>ത്രികോണം APD യിൽ , $\angle APD = 180 - (55 + 45) = 80^0$<br>ചതുർഭുജത്തിലെ കോണുകൾ $= 75^0 , 85^0 , 105^0 , 95^0$<br>വികർണങ്ങൾക്കിടയിലെ കോൺ $= 80^0$ OR $100^0$ | 1<br>1<br>1<br>1<br>1 |
| 26 | വൃത്തം വരയ്ക്കുന്നതിന്<br><br><br>ത്രികോണത്തിന്റെ കോണുകളുടെ ഇരട്ടി വൃത്തകേന്ദ്രത്തിൽ വരയ്ക്കുന്നതിന്<br>ത്രികോണം പൂർത്തിയാക്കുന്നതിന് | 1<br>2<br>2 |

WANDOOR GANITHAM